# യഹോവ നീതിമാൻ

## സങ്കീർത്തനങ്ങൾ 11:7

**“യഹോവ നീതിമാൻ; അവൻ നീതിയെ ഇഷ്ടപ്പെടുന്നു; നേരുള്ളവർ അവന്റെ മുഖം കാണും”**

ദൈവം തന്നെ നീതിമാൻ ആയിരിക്കുന്നതുപോലെ അവൻ നീതിയെയും നീതിയിൽ നടക്കുന്ന ദൈവമക്കളെയും ഇഷ്ടപ്പെടുന്നു. എന്നാൽ അവൻ ദുഷ്ടരെ വെറുക്കുന്ന ഒരു ദൈവമാണ്. വാക്യം 6 ൽ കാണുന്നു ‘ദുഷ്ടന്മാരുടെമേൽ അവൻ കണികളെ വർഷിപ്പിക്കും’ എന്ന്. എന്നാൽ നീതിയിൽ നടക്കുന്നവർക്ക് ലഭിക്കുന്ന ഏറ്റവും പരമമായ പ്രതിഫലം എന്നു പറയുന്നത് ദൈവസാന്നിധ്യത്തിൽ നിൽക്കാൻ സാധിക്കുന്നു എന്നതാണ്. പക്ഷെ ദൈവത്തിന്റെ നീതിയിൽ ജീവിക്കാൻ ഒരിക്കലും ഒരാളെക്കൊണ്ട് തനിയെ സാധിക്കില്ല. മറിച്ച് നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുവിന്റെ രക്തത്താലുള്ള നിരന്തരമായ കഴുകൽ മൂലം മാത്രമേ അത് സാധ്യമാകൂ. 2 കൊരിന്ത്യർ 5:21 ൽ പറയുന്നു “പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി.”

ഈ ലോകത്തിൽ ദുഷ്ടനും അവന്റെ ദുഷ്ടതയും ദിനം പ്രതി അതിന്റെ മൂർദ്ധന്യതയിലേക്കു കടന്നു പോകുമ്പോൾ പിതാവാം ദൈവത്തെയും പുത്രനാം ക്രിസ്തുവിനെയും സ്നേഹിക്കുകയും വിശ്വസിക്കുകയും നീതിയിൽ ജീവിക്കുകയും ചെയ്യുന്ന ദൈവമക്കൾ കർത്താവിന്റെ രണ്ടാം വരവിന്നു വേണ്ടി ഒരുങ്ങി ജീവിക്കുന്നു. അവന്റെ നിത്യമായ രാജ്യത്തിലേക്കുള്ള പ്രവേശനത്തിനായും അവനോടൊപ്പമുള്ള വാസത്തിനായും തങ്ങളെത്തന്നെ ദിനം പ്രതി കഴുകി ശുദ്ധീകരിച്ച് സകല മാലിന്യങ്ങളിൽ നിന്നും ശുദ്ധിയുള്ളവരായി സൂക്ഷിച്ചുകൊള്ളുന്നു. ഈ സമയം നമ്മുടെ ഉള്ളങ്ങളെയും, മനസ്സിനെയും, ചിന്തകളെയും വികാരങ്ങളെയും അറിയുന്ന നീതിമാനായ നമ്മുടെ ദൈവം അവന്റെ പൂർണ്ണമായ സരക്ഷണം നമുക്കൊരുക്കിയിരിക്കുന്നു. അവൻ അനുവദിച്ചിട്ടല്ലാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. എന്നു കരുതി നമുക്ക് യാതൊരു പ്രതികൂലമോ പ്രതിസന്ധിയോ ഉണ്ടാകുകയില്ല എന്നല്ല, മറിച്ച് ഇവയൊക്കെയും നമ്മുടെ ജീവിതത്തിൽ അനുവദിച്ചു തരുന്ന ദൈവം അതിനോടൊപ്പം അതിനുള്ള പോക്കുവഴിയും നമുക്ക് കാണിച്ചു തരും. കാരണം അവൻ നീതിമാനായ ദൈവമാണ്. അവന്റെ മക്കളെ അവൻ തള്ളിക്കളയുന്ന ദൈവമല്ല.

എബ്രായർ 13:5 ൽ പറയുന്നു “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല.” ഇത് ദൈവനീതിയിൽ ജീവിക്കുന്ന ഒരു ദൈവപൈതലിന്നുള്ള യഹോവയുടെ വാഗ്ദത്തമാണ്. ഈ വാഗ്ദത്തത്തെ നമുക്ക് ഏറ്റെടുക്കാം. നമ്മുടെ ജീവിതത്തെ ഒന്നു ശോധന ചെയ്യാം. ഇനിയും ജീവിതത്തിൽ ദൈവത്തിന്റെ നീതിക്കനുസരണമായി വരുത്തേണ്ട മേഖലകളെ തിരിച്ചറിയാം. അതിനെ അവന്റെ നീതിക്കനുസരണമായി മാറ്റുവാനും പൂർണ്ണമായി ദൈവനീതിയിൽ ജീവിക്കുവാനും നമ്മെ തന്നെ ഒരുക്കുകയും ചെയ്യാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 യോഹന്നാൻ 3:1–3

കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു.

ബ്രദർ ബിനു ബേബി ആലപ്പുഴ 058